ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 20.04.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദി, ദക്ഷിണ കൊറിയൻ പ്രസിഡൻറ് ലീ ജെ മ്യൂങ്ങുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. നാല് സുപ്രധാന ധാരണാ പത്രങ്ങളിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു.

**Prime Minister Narendra Modi met South Korean President Lee Jae-myung in New Delhi. The two countries signed four key MoUs.**

2) തമിഴ്നാട്ടിലും, പശ്ചിമബംഗാളിൽ ഒന്നാം ഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലും പരസ്യപ്രചാരണം നാളെ അവസാനിക്കും. വോട്ടെടുപ്പ് ഈ മാസം 23 ന്.

**As two days remain for the end of campaigning for Tamil Nadu assembly polls and the first phase of assembly election in West Bengal. Polling will be held on the 23rd of this month.**

3) പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യത്ത് എൽപിജി ക്ഷാമം അനുഭവപ്പെടുന്നില്ലെന്നും,

ഗാർഹിക പാചക വാതക വിതരണം സാധാരണ നിലയിലാണെന്നും കേന്ദ്രസർക്കാർ.

**The Government today said that domestic LPG supply is stable across the country and no dry-outs have been reported at distributorships, amid disruptions triggered by the ongoing West Asia crisis.**

4) അമേരിക്ക-ഇറാൻ രണ്ടാം ഘട്ട സമാധാന ചർച്ചകളുമായി ബന്ധപ്പെട്ട് അനിശ്ചിതത്വം തുടരുന്നു. ചർച്ചയിൽ പങ്കെടുക്കണോ എന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ലെന്ന് ഇറാൻ.

**Uncertainty prevailed over the second round of peace talks between the US and Iran in Islamaba. Iran's Foreign Ministry Spokesperson Esmaeil Baqaei said that his country has yet to decide whether to attend the next round of talks with the US.**

5) വടക്കൻ ജപ്പാൻ തീരത്ത് ശക്തമായ ഭൂചലനം. മേഖലയിൽ സുനാമി മുന്നറിയിപ്പ് പുറപ്പെടുവിച്ചു.

**A powerful earthquake struck off the northern Japanese coast, and the Japan Meteorological Agency, JMA issued a tsunami alert in the region.**

6) ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് - മുംബൈ പോരാട്ടം. ഐ എസ് എൽ ഫുട്ബോളിൽ പഞ്ചാബ് എഫ് സി ഇൻറർകാശി മത്സരം ഉടൻ ആരംഭിക്കും.

**In Indian Premier League cricket today, Gujarat will take on Mumbai. In Indian Super League football, the match between Punjab FC and Inter Kashi will begin shortly.**

❁❁❁❁❁❁❁❁❁❁❁❁❁

**PM KOREA (INTRO)**

പ്രധാനമന്ത്രി നരേന്ദ്ര മോദി, ദക്ഷിണ കൊറിയൻ പ്രസിഡൻറ് ലീ ജെ മ്യൂങ്ങുമായി ന്യൂഡൽഹിയിൽ പ്രതിനിധിതല കൂടിക്കാഴ്ച നടത്തി. സാങ്കേതിക, കായിക, സാംസ്കാരിക, സർഗ്ഗാത്മക മേഖലകളിലെ സഹകരണം സംബന്ധിച്ച നാല് ധാരണാ പത്രങ്ങളിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു. സമഗ്ര സാമ്പത്തിക പങ്കാളിത്തം, ഡിജിറ്റൽ ബ്രിഡ്ജ് എന്നിവയിൽ ചർച്ചകൾ തുടരാനും തീരുമാനമായി.

*(ഹോൾഡ് ബൈറ്റ്)*

ജനാധിപത്യ മൂല്യങ്ങൾ, ഇൻഡോ-പെസഫിക് തുടങ്ങി വിവിധ മേഖലകളിൽ ഇന്ത്യയും ദക്ഷിണ കൊറിയയും സമാന കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുന്നതായും ശ്രീ മോദി പറഞ്ഞു. ഇരു രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി വ്യാപാരം 2030 ഓടെ 50 ബില്യൺ ഡോളറായി വർദ്ധിപ്പിക്കാനും തീരുമാനമായി. പ്രതിരോധം, നിർമിത ബുദ്ധി, കപ്പൽ നിർമാണം തുടങ്ങിയ മേഖലകളിൽ യോജിച്ച് പ്രവർത്തിക്കുമെന്ന് ദക്ഷിണ കൊറിയൻ പ്രസിഡൻറ് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ELECTION–TN–WB**

തമിഴ്നാട്ടിലും, പശ്ചിമബംഗാളിലും തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. മുൻനിര നേതാക്കളെ അണിനിരത്തി ശക്തമായ പ്രചാരണമാണ് മണ്ഡലങ്ങളിൽ നടക്കുന്നത്. തമിഴ്നാട്ടിലും, പശ്ചിമബംഗാളിൽ ഒന്നാം ഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലും ഈ മാസം 23 നാണ് വോട്ടെടുപ്പ്. ഇവിടെ പരസ്യ പ്രചാരണം നാളെ അവസാനിക്കും. കേന്ദ്രമന്ത്രിമാരായ ജെപി നഡ്ഡ, രാജ്നാഥ് സിങ്ങ് തുടങ്ങി മുതിർന്ന ബിജെപി നേതാക്കൾ പശ്ചിമ ബംഗാളിൽ ഇന്ന് പ്രചാരണത്തിനെത്തി. തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി നോർത്ത് 24 പർഗാനയിലാണ് ഇന്ന് പ്രചാരണം നടത്തിയത്. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗേയും വിവിധ മണ്ഡലങ്ങളിൽ ഇന്ന് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ എൻഡിഎ പ്രചാരണത്തിനായി ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു ഇന്നെത്തിയിരുന്നു. കന്യാകുമാരിയിൽ നടന്ന പൊതുയോഗത്തിൽ മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പങ്കെടുത്തു. കേരളം, അസം, തമിഴ്നാട് , പശ്ചിമബംഗാൾ, പുതുച്ചേരി എന്നിവിടങ്ങളിൽ മെയ് നാലിനാണ് വോട്ടെണ്ണൽ.

❁❁❁❁❁❁❁❁❁❁❁❁❁

**ELECTION–SC**

തിരഞ്ഞെടുപ്പിന് മുന്നോടിയായി രാഷ്ട്രീയ പാർട്ടികൾ സൗജന്യങ്ങൾ പ്രഖ്യാപിക്കുന്നത് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപര്യ ഹർജിയിൽ

നോട്ടീസയച്ച് സുപ്രീം കോടതി. കേന്ദ്രസർക്കാരിനും, തിരഞ്ഞെടുപ്പ് കമ്മീഷനും, ദേശീയ കംട്രോളർ ആൻഡ് ഓഡിറ്റർ ജനറലിനുമാണ് കോടതി നോട്ടീസ് അയച്ചത്. ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ചിൻറേതാണ് നടപടി.

**GOVT WEST ASIA BRIEFING (INTRO)**

പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യത്ത് എൽപിജി ക്ഷാമം അനുഭവപ്പെടുന്നില്ലെന്നും, ഗാർഹിക പാചക വാതക വിതരണം സാധാരണ നിലയിലാണെന്നും കേന്ദ്രസർക്കാർ. എൽപിജി ഉത്പാദനം വർദ്ധിപ്പിച്ചതിന് പുറമേ, ബുക്കിംഗ് കാലയളവ് നീട്ടുകയും, ഡെലിവറി ഓതന്റിക്കേഷൻ കോഡ് ഏർപ്പെടുത്തുകയും ചെയ്തതായി പെട്രോളിയം മന്ത്രാലയ സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു. 97,000 മെട്രിക് ടൺ ക്രൂഡ് ഓയിലുമായി ഇന്ത്യൻ കപ്പൽ

ദേശ് ഗരിമ ശനിയാഴ്ച ഹോർമുസ് കടന്നതായും കേന്ദ്രസർക്കാർ അറിയിച്ചു. ഹോർമുസ് കടലിടുക്ക് കടക്കുന്നതിനിടെ കഴിഞ്ഞ ദിവസം വെടിവയ്പ്പ് ഉണ്ടായതിനെ തുടർന്ന് രണ്ട് ഇന്ത്യൻ കപ്പലുകൾ പേർഷ്യൻ ഗൾഫ് മേഖലയിലേക്ക് മടങ്ങിയതായി ഷിപ്പിങ്ങ് മന്ത്രാലയം ഡയറക്ടർ മൻദീപ് സിംഗ് രൺധാവ വ്യക്തമാക്കി.

*( വോയിസ് ..... )*

ദേശിയ സുരക്ഷ ഉപദേഷ്ടാവ് അജിത് ഡോവൽ കഴിഞ്ഞ ദിവസം സൗദി അറേബ്യ സന്ദർശിച്ച് പശ്ചിമേഷ്യൻ സാഹചര്യം സംബന്ധിച്ച ഉന്നതതല ചർച്ചകൾ

നടത്തിയതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

## IRAN-US TALKS

അമേരിക്ക-ഇറാൻ രണ്ടാം ഘട്ട സമാധാന ചർച്ചകളുമായി ബന്ധപ്പെട്ട് അനിശ്ചിതത്വം തുടരുന്നു. ചർച്ചയിൽ പങ്കെടുക്കണോ എന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ലെന്ന് ഇറാൻ വ്യക്തമാക്കി. രണ്ടാഴ്ച വെടിനിർത്തൽ ബുധനാഴ്ച അവസാനിക്കാനിരിക്കേയാണ് സമാധാന ചർച്ചകൾക്കുള്ള ശ്രമങ്ങൾ നടക്കുന്നത്. നയതന്ത്ര മാർഗ്ഗങ്ങളെ യുഎസ് ഗൗരവത്തോടെ കാണുന്നില്ലെന്ന് വെടിനിർത്തൽ ലംഘനങ്ങൾ ചൂണ്ടിക്കാട്ടി ഇറാൻ വിദേശകാര്യ വക്താവ് അറിയിച്ചു. ഹോർമുസ് കടലിടുക്കിൽ ഇറാൻ കപ്പലിന് നേരെ യുഎസ് ആക്രമണം നടത്തിയതായും ഇറാൻ വ്യക്തമാക്കി. രണ്ടാംഘട്ട സമാധാനചർച്ചയ്ക്ക് യുഎസ് സംഘത്തെ അയക്കുമെന്ന് ഡോണൾഡ് ട്രംപ് അറിയിച്ച് മണിക്കൂറുകൾക്കകമാണ് ആക്രമണം നടന്നത്. അമേരിക്കൻ നാവിക ഉപരോധത്തെ വെടിനിർത്തൽ വ്യവസ്ഥകളുടെ ലംഘനമായി വിശേഷിപ്പിച്ച ഇറാൻ ഹോർമുസ് കടലിടുക്ക് വീണ്ടും അടച്ചു.

## INDIA-US TRADE TALKS

ഇന്ത്യ - യുഎസ് ഉഭയകക്ഷി വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ ഇന്ന് വാഷിംഗ്ടൺ ഡിസിയിൽ പുനരാരംഭിക്കും. വാണിജ്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ

നേതൃത്വത്തിലുള്ള ഇന്ത്യൻ പ്രതിനിധി സംഘമാണ് ചർച്ചയിൽ പങ്കെടുക്കുന്നത്. വ്യാപാര ചട്ടക്കൂടുകൾ പുനഃക്രമീകരിക്കാനാണ് മൂന്ന് ദിവസത്തെ ചർച്ചകൾ ലക്ഷ്യമിടുന്നത്.

**PREZ-ODISHA VISIT**

രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ഒഡീഷ സന്ദർശിക്കും. റൂർക്കേലയിൽ നടക്കുന്ന പൊതുപരിപാടിയിൽ രാഷ്ട്രപതി വിവിധ പദ്ധതികൾക്ക് തുടക്കം കുറിക്കും.

**KODAKARA-SNAKE**

കൊടകരയിൽ സഹോദരങ്ങൾക്ക് പാമ്പുകടിയേറ്റ സംഭവത്തിൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന 10 വയസ്സുകാരൻ അനോഷിൻറെ ആരോഗ്യനിലയിൽ നേരിയ പുരോഗതിയെന്ന് മെഡിക്കൽ ബുള്ളറ്റിൻ. കുട്ടി കണ്ണുതുറന്നതായി ആശുപത്രി അധികൃതർ അറിയിച്ചു. പാമ്പു കടിയേറ്റ് മരിച്ച എട്ട് വയസ്സുകാരൻ ആൽജോയുടെ സംസ്കാരം കൊടുങ്ങ സെൻററ് സെബാസ്റ്റിയൻസ് പള്ളിയിൽ ഇന്ന് നടന്നു.

**THRISSUR POORAM**

പൂരങ്ങളുടെ പൂരമായ തൃശൂർ പൂരത്തിന് ഇന്ന് കൊടിയേറി. തിരുവമ്പാടി ക്ഷേത്രത്തിൽ രാവിലെ 11നും 11.30 ഇടയിലാണ് കൊടിയേറ്റ ചടങ്ങുകൾ നടന്നത് .

പാറമേക്കാവ് ക്ഷേത്രത്തിൽ 11.30നായിരുന്നു കൊടിയേറ്റ് . ഈ മാസം 24നാണ് സാമ്പിൾ വെടിക്കെട്ട്, 25ന്

പൂര വിളംബര ചടങ്ങുകൾ നടക്കും. 26 നാണ് പൂരത്തിൻറെ പ്രധാന ആകർഷണമായ കുടമാറ്റം.

❁❁❁❁❁❁❁❁❁❁❁❁❁

**HEATWAVE (INTRO)**

കേരളത്തിൽ വരും ദിവസങ്ങളിലും കടുത്ത ചൂട് തുടരും. തെക്കൻ ജില്ലകളിലടക്കം വെള്ളിയാഴ്ച വരെ നേരിയ മഴയ്ക്കും സാധ്യതയുണ്ട്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**MAN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് ഈ മാസം 26-ന് രാവിലെ 11- മണിക്ക്. പരിപാടിയുടെ 133-ാാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. മൻ കി ബാത്തിലേക്ക് ഈ മാസം 24 വരെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

**JAPAN- EARTHQUAKE**

വടക്കൻ ജപ്പാൻ തീരത്ത് ശക്തമായ ഭൂചലനം. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.23 നാണ് 7.4 തീവ്രതയുള്ള ഭൂചലനമുണ്ടായത്. ജപ്പാൻ കാലാവസ്ഥാ ഏജൻസി മേഖലയിൽ സുനാമി മുന്നറിയിപ്പ് നൽകി. ഇതിന്

പിന്നാലെ കുജി തുറമുഖത്ത് 2.6 അടി ഉയരത്തിൽ സുനാമി തിരമാലകളും അനുഭവപ്പെട്ടു. ഭൂചലനത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾ പരിശോധിച്ച് വരികയാണെന്ന് ജാപ്പനീസ് പ്രധാനമന്ത്രി സനേ തകായിച്ചി അറിയിച്ചു.

## IPL–ISL

ഐ.പി.എൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ് മുംബൈ ഇന്ത്യൻസിനെ നേരിടുന്നു. അഹമ്മദാബാദിൽ അൽപസമയം മുൻപാണ് മത്സരം ആരംഭിച്ചത്. ടോസ് നേടിയ ഗുജറാത്ത് ബൗളിങ്ങ് തിരഞ്ഞെടുത്തു.

ഐ എസ് എൽ ഫുട്ബോളിൽ പഞ്ചാബ് എഫ് സി ഇൻറർകാശിയെ നേരിടുകയാണ്. ലുധിയാനയിലാണ് മത്സരം പുരോഗമിക്കുന്നത്..

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 27 പോയിൻറ് ഉയർന്ന് 78,520 ലും ,നിഫ്റ്റി 11 പോയിൻറ് നേട്ടത്തിൽ 24,365 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. പവന് 360 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 13,880 രൂപയും ഗ്രാമിന് 14,235 രൂപയുമാണ് ഇന്നത്തെ വില.